**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** — **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗപ്രതിരോധം പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | തീരദേശവാസികൾ, ചേരിനിവാസികൾ തുടങ്ങി സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരെ കോവിഡ് ബാധിക്കുന്നതിൽ നിന്ന് രക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | തീരദേശവാസികൾ, ചേരിനിവാസികൾ തുടങ്ങിയവർക്ക് മുൻഗണന നൽകിക്കൊണ്ട്എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾക്കുവേണ്ടിയുള്ള കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. തീരപ്രദേശങ്ങളിൽ കോവിഡ് രോഗ വ്യാപനമുണ്ടായിട്ടുള്ള സ്ഥലങ്ങളിലെല്ലാം രോഗം സങ്കീർണ്ണമാകാൻ സാധ്യതയുള്ള എല്ലാവരെയും പ്രത്യേകം നിരീക്ഷിച്ച് അവർക്കാവശ്യമായ ചികിത്സയും, മറ്റ് സഹായങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ ഇതര വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തീരപ്രദേശങ്ങളിലും, ചേരിപ്രദേശങ്ങളിലും കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശീയരായ സാമൂഹ്യപ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷനുകൾ, മതപുരോഹിതന്മാർ തുടങ്ങിയവരുടെ സേവനം ഉപയോഗപ്പെടുത്തി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഉറപ്പ് വരുത്തുകയും ചെയ്തു. |
| (ബി) | ഇത്തരം ഇടപെടലുകൾ തീരദേശത്തും ചേരികളിലും രോഗവ്യാപനം രൂക്ഷമാകുന്നത് തടയുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനും ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ തീരപ്രദേശങ്ങളിലുണ്ടായ രോഗവ്യാപനം പെട്ടെന്നുതന്നെ കുറയ്ക്കാനായിട്ടുണ്ട്. മരണനിരക്ക് കൂടിയിട്ടില്ല. |
| (സി) | കോവിഡ് പ്രതിരോധത്തിന് 'ധാരാവി മാതൃക' സംസ്ഥാനത്തെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് എത്ര മാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ? | (സി) | ആളുകൾ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങളിൽ കോവിഡ് പോസിറ്റീവ് രോഗികൾ ഉണ്ടാകുന്ന പക്ഷം പ്രദേശത്തെ മുഴുവൻ പേരെയും നിരീക്ഷണത്തിൽ വയ്ക്കുകയും, കൃത്യമായ രോഗനിരീക്ഷണ പ്രവർത്തനങ്ങളിലൂടെ സമ്പർക്കത്തിൽ വന്ന എല്ലാവരെയും വളരെ വേഗം കണ്ടെത്തി അവരിൽ രോഗലക്ഷണങ്ങൾ ഉള്ളവരെ പരിശോധനയ്ക്ക് |

| | | | |
|---|---|---|---|
| | | | വിധേയരാക്കുകയും പോസിറ്റീവ് ആകുന്നവരെ യഥാസമയം ചികിത്സയ്ക്ക് വിധേയമാക്കുകയും സമ്പർക്കത്തിലുള്ളവരെ കൃത്യമായി ക്വാറന്റീനിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം രോഗവ്യാപനം പെട്ടെന്ന് കുറയ്ക്കുവാനും മരണനിരക്ക് ഉയരാതെ നിലനിർത്തുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ